(ബി, സി, ഡി) കോട്ടയ്ക്കലെ ചികിൽസകൊണ്ട് സുഖമുണ്ടായിട്ടുണ്ടെന്നും ഇപ്പോൾ കാൽമുട്ട് വളയ്ക്കുവാൻ കഴിയുമെന്ന നിലവന്നിട്ടുണ്ടെന്നും അറിവു ലഭിച്ചിരിക്കുന്നു. അമേരിക്കയിൽ കൂടുതൽ വിദഗ്ദ്ധ ചികിൽസയ്ക്കുവേണ്ടി പോകുന്നുണ്ടോ എന്ന വിവരം ലഭിച്ചിട്ടില്ല.

## മന്ത്രിമന്ദിരങ്ങളിലെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ്

891 [1407] ശ്രീ. പി.ബി.ആർ. പിള്ള: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഓരോ മന്ത്രിമന്ദിരത്തിന്റേയും അറ്റകുറ്റപ്പണികൾ തീർക്കുന്നതിനും താമസസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഫർണീച്ചർ ആദിയായ ആവശ്യങ്ങൾക്കുമായി കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ ഗവൺമെൻറിന് എന്തു തുക ചെലവാക്കേണ്ടതായിവന്നിട്ടുണ്ട് എന്നു വ്യക്തമാക്കുമോ?

### ഉത്തരം

സംസ്ഥാനത്തെ ഓരോ മന്ത്രിമന്ദിരത്തിലെയും അറ്റകുറ്റപ്പണികൾ തീർക്കുന്നതിനും താമസസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി കഴിഞ്ഞ വർഷം 1,56,932 രൂപയും, ഫർണീച്ചർ ആദിയായ ആവശ്യങ്ങൾക്കായി 1,98,655 രൂപ 73 പൈസയും ചെലവായിട്ടുണ്ട്.

മേൽപ്പറഞ്ഞ ഇനങ്ങളിൽ ഓരോ മന്ത്രിമന്ദിരത്തിനും പ്രത്യേകം ചെലവായ തുകയുടെ വിവരം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

## കാട്ടകാമ്പാൽ-ചെറുവള്ളി കടവ് റോഡ്

892 [1408] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറെ കൊല്ലങ്ങളായി ബഡ്ജറ്റിൽ കൊള്ളിച്ചുവരുന്ന തൃശ്ശൂർ ഡിസ്ട്രിക്ടിൽപ്പെട്ട കാട്ടകാമ്പാൽ-ചെറുവള്ളികടവ് റോഡ് നന്നാക്കുന്ന പണി നടക്കാത്തത് എന്തുകൊണ്ടാണ്;

(ബി) വളരെയധികം ട്രാഫിക്ക് തിരക്കുള്ള ഈ റോഡിന്റെ പണി ഈ കൊല്ലം തന്നെ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഈ റോഡ് നിശ്ചിത വീതിയിൽ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്ന നടപടിയിൽ ഉള്ള കാലതാമസംകൊണ്ടാണ് പണി ആരംഭിക്കാത്തത്.

(ബി) ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് എന്തു ചെലവ് വരുമെന്നറിഞ്ഞശേഷം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഈ വർഷം പണി ആരംഭിക്കാൻ സാദ്ധ്യതയില്ല.

† അനുബന്ധം I



LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

15.3.79-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 891 [1407]

കാണുക.

| നമ്പർ | മന്ത്രിമന്ദിരത്തിന്റെ പേര് | അറ്റകുറ്റപണികൾക്കും താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനും ചെലവായതുക | | ഫർണീച്ചർ ആദിയായവയ്ക്കു ചെലവായതുക | |
|---|---|---|---|---|---|
| | | രൂ. | പ. | രൂ. | പ. |
| 1. | റോസ് ഹൗസ് | 24,278 | 00 | 10,485 | 90 |
| 2. | സാനഡു | 17,813 | 00 | 25,652 | 36 |
| 3. | തൈക്കാട് ഹൗസ് | 8,328 | 00 | 14,246 | 25 |
| 4. | കല്പന | 6,031 | 00 | 16,942 | 47 |
| 5. | അജന്ത | 5,688 | 00 | 11,499 | 10 |
| 6. | മനോമോഹൻ | 9,085 | 00 | 10,813 | 12 |
| 7. | കവടിയാർ ഹൗസ് | 4,237 | 00 | 9,626 | 05 |
| 8. | ചിൻങ്ങേഴ്സ്റ്റ് | 6,419 | 00 | 5,357 | 02 |
| 9. | എസ്തൻഡീൻ | 13,066 | 00 | 1,591 | 70 |
| 10. | ക്ലിഫ് ഹൗസ് | 31,855 | 00 | 1,591 | 75 |
| 11. | അശോക | 3,174 | 00 | 15,053 | 70 |
| 12. | പ്രശാന്ത് | 3,156 | 00 | 5,250 | 44 |
| 13. | നെസ്റ്റ് | 1,836 | 00 | 2,264 | 42 |
| 14. | പൗർണ്ണമി | 742 | 00 | 3,349 | 94 |
| 15. | കൺടോൺമെന്റ് ഹൗസ് (+) | 12,363 | 00 | 3,485 | 79 |
| 16. | എ-8 ജവഹർ നഗർ (x) | .... | .. | 29,192 | 02 |
| 17. | പുരുഷോത്തം | 3,762 | 00 | 24,063 | 10 |
| 18. | ക്ലിഫ് ഹൗസ് കോമ്പൗണ്ടിലെ അഞ്ച് കാർട്ടേഴ്സ് (അശോക, പ്രശാന്ത്, നെസ്റ്റ്, പൗർണ്ണമി, ഉഷസ്) | 5,099 | 00 | .... | .. |
| | ആകെ | 1,56,932 | 00 | 1,98,655 | 73 |

(+) ഇപ്പോൾ ഇവിടെ സ്പീക്കർ താമസിക്കുന്നു.

(x) ഇപ്പോൾ പ്രതിപക്ഷനേതാവ് താമസിക്കുന്ന വീട്.

LIBRARY ARCHIVES Kerala Legislative Assembly